പതിന്നാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 3897 21/10/2016-ൽ മറുപടിക്ക്

പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന

ചോദ്യം

ശ്രീ.കെ. കൃഷ്ണൻ കുട്ടി
ശ്രീ. സി..കെ. നാണു
ശ്രീ. തോമസ് ചാണ്ടി
ശ്രീ.കെ.ബി. ഗണേഷ് കുമാർ

ഉത്തരം

ശ്രീ. വി.എസ് .സുനിൽ കുമാർ
(കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാന മന്ത്രി കൃഷി സിഞ്ചായീ യോജന (PMKSY) സംസ്ഥാനത്തിന് ലഭ്യമായ തിന് ശേഷം നാളിത് വരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | എ) | പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി(SLSC), Inter Departmental Working Group(IDWC), District Level Implementation Committee (DLIC) എന്നിവ രൂപീകരിച്ചു. എല്ലാ ജില്ലകളിലും ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |
| ബി) പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജനയ്ക്കു വേണ്ടി ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്ര സർക്കാർ എത്ര തുക നൽകി; പ്ലാനുകൾ തയ്യാറാക്കുന്നതിനായി എത്ര തുക വിനിയോഗിച്ചു; വിശദമാക്കാമോ; | ബി) | പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന യ്ക്കുവേണ്ടി ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്ര സർക്കാർ 140 ലക്ഷം രൂപ നൽകി. സാങ്കേതിക കാരണങ്ങളാൽ ജില്ലാതല പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു ജില്ലയ്ക്ക് 5 ലക്ഷം രൂപ വീതം ആകെ 70 ലക്ഷം രൂപയാണ് ഇപ്പോൾ ജില്ലകൾക്ക് നൽകിയിട്ടുള്ളത്. ജില്ലാതല പ്ലാനുകൾ പൂർത്തീകരിച്ചശേഷം മാത്രമേ ധനവിനിയോഗ ത്തിന്റെ കണക്ക് കൃത്യമായി പറയാൻ കഴിയൂ. (ആയത് വിനിയോഗിച്ച് വരുന്നു) |
| സി) പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജനയ്ക്കു വേണ്ടി ജില്ലാ ഇറിഗേഷൻ പ്ലാനുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കുമോ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചും ജില്ലാ കൃഷി ഓഫീസർമാരുടെ യോഗം വിളിച്ചുകൂട്ടിയും ജില്ലാ ഇറിഗേഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തികൾ ത്വരിതപ്പെടുത്തിവരുന്നു. ഇത് പൂർത്തീകരിക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിന്റെ |

| | | |
|---|---|---|
| | | PMKSY വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതാണ്. |
| ഡി) പ്രസ്തുത പദ്ധതിയിൽ, വരുന്ന അഞ്ച് വർഷത്തേയ്ക്ക് സംസ്ഥാനത്ത് നടപ്പിലാക്കേണ്ട പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിക്കാത്തതിന് എന്തെങ്കിലും കാരണമുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | ഡി) | PMKSY മാർഗ്ഗരേഖ പ്രകാരം ഓരോരോ പദ്ധതികളും കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതില്ല. എന്നാൽ കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥർ കൂടി അടങ്ങുന്നതും സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനുമായ സംസ്ഥാന തല കമ്മിറ്റിയുടെ അംഗീകാരം ആവശ്യമാണ്. ജില്ലാ തല ജലസേചന പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ അതാതു വർഷത്തെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വാർഷിക പ്ലാനുകളും ഓരോരോ പ്രോജക്റ്റുകളും തയ്യാറാക്കി എസ്.എൽ.എസ്.സിയുടെ അംഗീകാരം തേടേണ്ടതാണ്. |
| ഇ) ഈ പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന വിഹിതമായി എത്ര തുകയാണ് ഈ വർഷത്തെ ബജറ്റിൽ വകയിരുത്തിയത്; ബജറ്റ് വിഹിതം പര്യാപ്തമല്ലെങ്കിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഫണ്ട് കേരളത്തിന് ലഭിക്കാതെ പോകുമെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പണം കണ്ടെത്താൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് പരിഗണനയിലുള്ളത് എന്ന് വിശദമാക്കാമോ? | ഇ) | പി.എം.കെ.എസ്.വൈ -കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഗ്രാമവികസന വകുപ്പ്, ചെറുകിട ജലസേചന വകുപ്പ് എന്നീ മൂന്ന് വകുപ്പുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ബഡ്ജറ്റിൽ ആത്മ ഒഴികെയുള്ള 60% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 305 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പിന് ഇത് പര്യാപ്തമാണ്.<br>ഗ്രാമവികസന വകുപ്പിന് 75 കോടി രൂപയും ചെറുകിട ജലസേചന വകുപ്പിന് 60 കോടി രൂപയും പി.എം.കെ.എസ്.വൈ പദ്ധതി നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ടിന് ആനുപാതികമായി പദ്ധതികൾ നടപ്പിലാക്കാൻ ഈ തുക പര്യാപ്തമാണ്. |

Saini.V

സെക്ഷൻ ഓഫീസർ